(എഫ്) 2010 ജൂലൈ 17-ന് കൂടിയ ഡി.റ്റി.പി.സി നിർവ്വാഹക സമിതി യോഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചിട്ടുണ്ട്.

ഡി.റ്റി.പി.സി.യുടെ പ്രവർത്തനം

87 (6005) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.റ്റി.പി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാരമേഖലയിൽ വൈദഗ്ധ്യമുള്ളവരെ ഡി.റ്റി.പി.സി. സെക്രട്ടറിമാരാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഡി.റ്റി.പി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിവരുന്നു. കൂടാതെ ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ മീറ്റിംഗ് ഇടയ്ക്കിടെ ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വിനോദസഞ്ചാര മേഖലയിലുള്ള വൈദഗ്ധ്യം കൂടി പരിഗണിച്ചാണ് ഡി.റ്റി.പി.സി സെക്രട്ടറിമാരെ നിയമിക്കുന്നത്.

ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമനം

88 (6006) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.റ്റി.പി.സി. സെക്രട്ടറിമാരെ നിയമിക്കുന്നതിന് പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രകാരം എത്ര ജില്ലകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.റ്റി.പി.സി. കൾക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിലവിൽ ഡി.റ്റി.പി.സി.കളുടെ സാമ്പത്തിക നില ഭദ്രമാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ മേൽനോട്ടം ഡി.റ്റി.പി.സി.കളെ ഏൽപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-2-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) 23/10/ടൂറിസം പ്രകാരം പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഡി.റ്റി.പി.സി സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ലാഭം ലക്ഷ്യമാക്കിയല്ല ഡി.റ്റി.പി.സി പ്രവർത്തിക്കുന്നത്. എങ്കിലും ഡി.റ്റി.പി.സി.-കളുടെ സാമ്പത്തിക നില പൊതുവെ ഭദ്രമാണ്.

(ഇ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നേരിട്ടും ഡി.റ്റി.പി.സി. മുഖേനയും പദ്ധതി നടപ്പാക്കി വരുന്നു. ഇതിൽ സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിന്റെ മേൽനോട്ടവും പദ്ധതി അവലോകനവും ഡി.റ്റി.പി.സി. മുഖാന്തിരം തന്നെയാണ് നടത്തിവരുന്നത്.

വിനോദസഞ്ചാര വകുപ്പിലേയും അതിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലേയും തസ്തികകളിൽ നേരിട്ട് നിയമനം

89 (6007) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിലേയും അതിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലേയും ഏതെങ്കിലും തസ്തികകളിൽ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതമാണ് നിയമിച്ചിട്ടുള്ളത് ;

(സി) ഇതിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു ;

(ഡി) പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരമല്ലാതെ നിയമനം നടത്തുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഏതെങ്കിലും ഏജൻസി മുഖാന്തിരമാണോ ഇത്തരം നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയത് ;

(ജി) എങ്കിൽ പ്രസ്തുത ഏജൻസികൾ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly